# ലോക ആയുർവേദ കോൺഗ്രസ് സമാപിച്ചു

കൊച്ചി: സ്വദേശി ശാസ്ത്രപ്രസ്ഥാനവും കേന്ദ്രസർക്കാരിന്റെ ആരോഗ്യമന്ത്രാലയവും കേരളസർക്കാരിന്റെ സഹകരണത്തോടെ കൊച്ചിയിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര ആയുർവേദ കോൺഗ്രസ് കേന്ദ്രസർക്കാരിന്റെ നയപ്രഖ്യാപനങ്ങളോടെ സമാപിച്ചു. നവംബർ 1 മുതൽ 4 വരെയായിരുന്നു കോൺഗ്രസ്.

ആയുർവേദത്തെ ഇന്ത്യയിലെ പാരമ്പര്യവൈദ്യസമ്പ്രദായങ്ങളോടൊപ്പം ഗ്രീൻ സ്റ്റേറ്റസിലേക്ക് ഉയർത്തുമെന്നും, പത്താം പദ്ധതിയിൽ ആയുർവേദത്തിന് പ്രഥമ പരിഗണന നൽകുമെന്നും കേന്ദ്ര ആരോഗ്യമന്ത്രി ശത്രുഘ്നൻ സിൻഹ പ്രഖ്യാപിച്ചു. 20 സംസ്ഥാനങ്ങളിലെ തിരഞ്ഞെടുത്ത 100 ഗ്രാമങ്ങളിൽ തുടക്കമെന്ന നിലയിൽ ഔഷധച്ചെടി കിറ്റുകൾ വിതരണം ചെയ്യും. ആയുർവേദത്തോടൊപ്പം സിദ്ധ, യുനാനി, യോഗ, പ്രകൃതിചികിത്സ എന്നീ പരമ്പരാഗത ആരോഗ്യ സമ്പ്രദായങ്ങൾ ശക്തിപ്പെടുത്തും. ഈ മേഖലകളിൽ വിദ്യാഭ്യാസം, സേവനം, വ്യവസായം, ഗവേഷണം എന്നീ മേഖലകളിൽ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുമെന്ന് ആയുർവേദ കോൺഗ്രസ്സിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചു

24 സമാന്തര സെഷനുകളിൽ ആഗോളവത്ക്കരണവും ആയുർവേദവും, എയ്ഡ്സ് ചികിത്സ ആയുർവേദത്തിൽ, കാൻസർ ചികിത്സ, മാനസികാരോഗ്യ ചികിത്സ, നേത്രചികിത്സ എന്നീ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. 28 വിദേശരാജ്യങ്ങളിൽ നിന്നടക്കം 2000 പ്രതിനിധികൾ പങ്കെടുക്കുന്ന ആയുർവേദ കോൺഗ്രസ്സിന്റെ ഭാഗമായി ഔഷധ വ്യവസായിക പ്രദർശനവുമുണ്ടായിരുന്നു. അതേസമയം, ഗോത്ര ആദിവാസി വൈദ്യസമ്പ്രദായങ്ങളേയും നാട്ടുവൈദ്യസമ്പ്രദായങ്ങളേയും അവഗണിച്ച് ഔഷധവ്യവസായികളേയും ടൂറിസത്തിൽ ഉള്ള ആയുർവേദ വ്യവസായികളേയും പ്രീണിപ്പിക്കാനാണ് സമ്മേളനം നടത്തിയതെന്ന് വിമർശനമുയർന്നിരുന്നു.

അലോപ്പതി ചികിത്സാ വ്യവസായം അധാർമ്മികമായി വളരുന്ന കേരളത്തിൽ, അതേ രീതിയിൽ ആയുർവേദം വളർന്നാൽ, സാധാരണ ജനങ്ങൾക്ക് ഈ പാരമ്പര്യ ചികിത്സാ സമ്പ്രദായം അപ്രാപ്യമാകും എന്നിരിക്കെ, ഓരോ വ്യക്തിക്കും കുടുംബത്തിനും പാരമ്പര്യ ആരോഗ്യ സമ്പ്രദായത്തിൽ ആരോഗ്യ സ്വാശ്രയത്വം കൈവരിക്കാനുള്ള ഒരു കർമ്മപദ്ധതിയും ഈ സമ്മേളനം ആവിഷ്കരിച്ചിട്ടില്ല എന്നതായിരുന്നു പരിപാടിയുടെ പ്രധാന ന്യൂനത.